**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ. 6141** **07/11/2016-ൽ മറുപടിയ്ക്ക്**

**ഹോർട്ടികോർപ്പുകളിലൂടെ വിതരണം ചെയ്തുവരുന്ന പച്ചക്കറികൾ/പഴവർഗ്ഗങ്ങൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. രാജഗോപാലൻ | ശ്രീ. വി. എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ഹോർട്ടികോർപ്പുകളിലൂടെ വിതരണം ചെയ്തുവരുന്ന പച്ചക്കറികൾ/ പഴവർഗ്ഗങ്ങൾ ഏതൊക്കെ സംസ്ഥാനങ്ങളിൽ നിന്നാണ് കൊണ്ടുവരുന്നതെന്ന് വ്യക്തമാക്കുമോ; | എ) കേരളത്തിൽ കർഷകരിൽനിന്നും ലഭ്യമല്ലാത്തതും ആവശ്യമുള്ളത്ര അളവിൽ ലഭിക്കാത്തതുമായ പച്ചക്കറികൾ അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിൽ നിന്നും സംഭരിച്ച് വരുന്നു. |
| ബി) ഇതിൽ സംസ്ഥാനത്തിനകത്തു നിന്നും വാങ്ങി വില്പന നടത്തുന്നത് എത്ര ശതമാനം വരുമെന്നും ഇത്തരം വില്പന കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്ന പഴവർഗ്ഗങ്ങളും പച്ചക്കറികളും ജൈവീകമായവയാണോ എന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ? | ബി) സംസ്ഥാനത്തിനകത്തു നിന്നും ഏകദേശം നാല്പത് ശതമാനത്തോളം പഴങ്ങളും പച്ചക്കറികളുമാണ് സംഭരിച്ച് വിപണനം ചെയ്യുന്നത്. ഇപ്രകാരം സംഭരിക്കുന്ന പച്ചക്കറികളുടെ സാമ്പിളുകൾ കാർഷിക സർവ്വകലാശാലയിലെ കീടനാശിനി അവശിഷ്ട പരിശോധനാ ലബോറട്ടറിയിൽ ഇടയ്ക്കിടെ പരിശോധിക്കുകയും അവ വിഷരഹിതമാണെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ